## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4130 | 12.11.2019 - ൽ മറുപടിക്ക് |
|---|---|

## വാറ്റ് കുടിശ്ശിക ബില്ലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി.വി. ഇബ്രാഹിം : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വ്യാപാരികൾ കൃത്യസമയത്ത് വിറ്റുവരവ് വിവരങ്ങൾ നൽകിയിട്ടും അവർക്ക് വാറ്റ്കുടിശ്ശിക ബില്ലുകൾ നൽകാനിടയായ സാഹചര്യം വിശദമാക്കാമോ; | (എ) | KVATIS-ൽ വിവിധ മോഡ്യൂളുകളിൽ ലഭ്യമായ വിവരങ്ങൾ സ്കൂട്ടിണിക്ക് വിധേയമാക്കി നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇപ്രകാരം ഓരോ സാമ്പത്തിക വർഷങ്ങളിലും സ്വയം നികുതി നിർണ്ണയം നടത്തിയ റിട്ടേണുകൾ, ചെക്ക്പോസ്റ്റ് വിവരങ്ങൾ, വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ, റയിൽവേ, പോർട്ട് വഴി ചരക്കുകൾ കൊണ്ടുവന്ന വിവരങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന വിശദാംശങ്ങൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അപാകതകളുണ്ടെങ്കിൽ നികുതി നിർണ്ണയം നടത്തുന്നതിലേക്കായി നോട്ടീസ് നൽകും. വാറ്റ് നിയമ പ്രകാരമുള്ള നികുതിനിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുവേണ്ടിയാണ് പ്രത്യേകമായി തയ്യാറാക്കിയ മൊഡ്യൂൾ വഴി നോട്ടീസുകൾ ജനറേറ്റ് ചെയ്ത് വ്യാപാരികൾക്ക് അയച്ചത്. |
| (ബി) | ഇത്തരത്തിൽ എത്ര പേർക്ക് വാറ്റ് കുടിശ്ശിക ബിൽ നൽകിയിട്ടുണ്ട് അറിയിക്കാമോ; | (ബി) | നാളിതുവരെയുള്ള കണക്കനുസരിച്ച് സ്കൂട്ടിനി മോഡ്യൂൾ വഴി 24,347 കേസുകളിലാണ് പ്രീ-അസ്സസ്സ്മെന്റ് നോട്ടീസുകൾ ജനറേറ്റ് ചെയ്തിട്ടുള്ളത്. |
| (സി) | വാറ്റ് കുടിശ്ശിക ബിൽ നൽകുന്നത് സർക്കാർ പിൻവലിച്ചോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്ത മാക്കാമോ; | (സി) | വ്യാപാര സംഘടനകൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ |

| | | | |
|---|---|---|---|
| | | | വെളിച്ചത്തിൽ ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകളിൽ നിയമ വകുപ്പുമായി ആലോചിച്ചു മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, ഏ.ജി.യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്സ്മെന്റ് നടപടികൾ തുടരുന്നതാണ്. |
| (ഡി) | വാറ്റ് കുടിശ്ശിക ബിൽ ലഭിച്ചതിനെ തുടർന്ന് പത്തനംതിട്ടയിൽ ഒരു വ്യാപാരി മരിച്ച കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സംഭവത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | പത്തനംതിട്ട ചരക്ക് സേവന നികുതി കാര്യാലയത്തിൽ ശ്രീ. കെ. മത്തായി ഡാനിയേൽ, കുന്നത്ത് റബ്ബേഴ്സ് ആന്റ് ഹിൽ പ്രൊഡ്യൂസ് എന്ന വ്യാപാരിയുടെ 2013-14 മുതൽ 2016-17 വരെയുള്ള സ്വയം നിർണ്ണയം നടത്തിയ റിട്ടേണുകൾ സ്ക്രൂട്ടിനി വിധേയമാക്കി അപാകതകൾ കണ്ടതിനെ തുടർന്ന് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. പ്രസ്തുത നോട്ടീസിന് രേഖാമൂലം മറുപടി നൽകുന്നതിനും ഹിയറിംഗിനും അവസരം ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത വ്യാപാരിയുടെ മരണത്തിന് ഇതുമായി യാതൊരു ബന്ധവുമില്ല. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ട ആവശ്യമില്ല. |

**സെക്ഷൻ ഓഫീസർ**